LIBRARY ARCHIVES Kerala Legislative Assembly

കാവുസംരക്ഷണ പദ്ധതികൾ

275 (3097) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 12-9-2013-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കാവ് സംരക്ഷണ പദ്ധതി വനം വകുപ്പ് നടപ്പിലാക്കിവരുന്നത്.

(ബി) 12-9-2013-ലെ ജി.ഒ.(ആർ‌റ്റി.) 354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കാവ് സംരക്ഷണ പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നത്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്ര പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവുസംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത സംസ്ഥാനതല വിദഗ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെയും ആയതിലെ ജൈവവൈവിദ്ധ്യ സമ്പന്നതയുടെയും അടിസ്ഥാനത്തിൽ യോഗ്യമായ അഞ്ച് കാവുകൾ വീതം ഓരോ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കുകയും തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ടി കാവുകളുടെ ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോപ്ലാനിന്റെ അംഗീകാരത്തിന് വിധേയമായിട്ടാണ് ധനസഹായം നൽകിവരുന്നത്. കാവുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു :

1. കാവുകളിലെ സസ്യജന്യ വൈവിധ്യം തിട്ടപ്പെടുത്തുക.

2. കാവുകളിലെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചു പിടിപ്പിക്കുക/സ്വാഭാവിക സസ്യവളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.

3. സംരക്ഷണത്തിനായി കാവിന് ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.

4. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.